ഏരിയകളുടെ നവീകരണം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സ്ബിഷനുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവയിലൂടെ സംരംഭകർക്ക് പ്രോൽസാഹനം നൽകിവരുന്നു.

നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ചുള്ള വ്യവസായ സംരംഭങ്ങൾ

170 (555) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഉദ്ദേശിച്ച രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയേണ്ടതായിരുന്നു എന്നും അവ സാദ്ധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രകൃതി വാതക പൈപ്പ് ലൈൻ

171 (556) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതകം കൊണ്ടുപോകുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly